# ‘നമ്മുടെ ആശ്രയം ആരിൽ?’

## സങ്കീർത്തനങ്ങൾ 56:3

“ഞാൻ ഭയപ്പെടുന്ന നാളിൽ നിന്നിൽ ആശ്രയിക്കും”

ദാവീദ് ശൗലിനെ ഭയപ്പെട്ട് ഗത്ത് രാജാവായ ആഖീശിന്റെ അടുക്കൽ സഹായത്തിന് ചെല്ലുന്നു. അവിടെയും തന്റെ ഭാവി സുരക്ഷിതമല്ല എന്നു മനസ്സിലാക്കി താൻ അവിടെ നിന്നും മറ്റൊരിടത്തേക്ക് ഓടിപ്പോകുന്നു. ‘പടപേടിച്ച് പന്തളത്ത് ചെന്നപ്പോൾ പന്തം കൊളുത്തിപ്പട’ എന്ന പഴഞ്ചൊല്ലുപോലുള്ള അവസ്ഥ. ഈ സാഹചര്യത്തോടനുബന്ധിച്ചുള്ളതാണ് ദാവീദിന്റെ ഈ സങ്കീർത്തനഭാഗം. ദൈവം ദാവീദിനെ അഭിഷേകം ചെയ്ത് തനിക്കായി വേർതിരിച്ച വ്യക്തി ജീവിതമായിരുന്നു. എങ്കിലും ഒരു സമയം ശത്രുക്കളെ ഭയപ്പെട്ട് ഓടി ഒളിക്കേണ്ട അവസ്ഥ ദാവീദിനുണ്ടാവുന്നു. ഒരു ദൈവപൈതലിന് ഭയപ്പെടത്തക്ക അവസ്ഥ എന്തിന്? എന്ന ഒരു ചോദ്യം ഇവിടെ കടന്നുവരാം. എന്നാൽ ഏതൊരു ഭക്തനെയും ചില പ്രതികൂല സാഹചര്യങ്ങളിലൂടെ ദൈവം കടത്തി വിട്ടെന്നു വരാം.

2 തിമോഥെയോസ് 3:12 – “എന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിക്കുവാൻ മനസ്സുള്ളവർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും”

ഇതുപോലുള്ള പ്രതികൂല സാഹചര്യങ്ങളെല്ലാം ദൈവവുമായി കൂടുതൽ അടുക്കുവാനും ആ സാന്നിദ്ധ്യം അനുഭവിച്ചറിയുവാനുമെല്ലാം നമുക്കിടയാവണം. ദാവീദ് നിലവിളിക്കുമ്പോൾ തന്നെ തന്റെ ശത്രുക്കൾ പിന്തിരിയുന്നുവെന്ന് തുടർന്നുള്ള സങ്കീർത്തനഭാഗങ്ങൾ വായിക്കുമ്പോൾ നമുക്കു മനസ്സിലാകുന്നു. ഇതു നമ്മോടുകൂടെയുള്ള കർത്താവിന്റെ വാഗ്ദത്തമാണ്. നാം പൂർണ്ണ ഹൃദയത്തോടെ കർത്താവിനെ ആശ്രയിക്കുമ്പോൾ അവിടുന്ന് നമ്മുടെ ശത്രുക്കളെയും പ്രതികൂലങ്ങളെയുമെല്ലാം നമ്മിൽ നിന്നും അകറ്റി കളയുവാൻ ഇടയായിത്തീരും. നമ്മുടെ ആശ്രയം പൂർണ്ണമായും ദൈവത്തിൽ തന്നെയാണോയെന്ന് നമുക്കൊന്നു വിചിന്തനം ചെയ്യാം.

ഇന്നത്തെ ദൈനംദിന ജീവിതത്തിൽ, ഇടപെടലുകളിൽ, കുടുംബത്തിൽ ഒക്കെ ഒരു പാട് ഭയപ്പെടുത്തുന്ന ഭാരമേറിയ വിഷയങ്ങൾ നാമോരോരുത്തർക്കും ഉണ്ടാവാം. ഈ ദുഷ്ടലോകത്തിൽ അനേകരും തലമുറകളുടെ ഭാവിയോർത്ത് ഭയത്തോടെയാണ് ജീവിക്കുന്നത്. എന്നാൽ ദൈവമക്കളെന്ന് അവകാശപ്പെടുന്ന നാം നമ്മെയും നമുക്കുള്ള സകലത്തെയും ദൈവഹിതത്തിനു മാത്രമായി വിട്ടുകൊടുക്കണം. ഏതു തിരക്കിനിടയിലും കുടുംബത്തോടും മക്കളോടും ഒത്തൊരുമിച്ചുള്ള പ്രാർത്ഥനയാണ് ഇവിടെ അത്യാവശ്യം

വേണ്ടത്. ദൈവാശ്രയബോധം കുട്ടികളിൽ ചെറുപ്രായം മുതൽക്കേ വളർത്തിയെടുക്കാൻ മാതാപിതാക്കളാകുന്ന നാം ഓരോരുത്തരും ശ്രദ്ധിക്കേണ്ടതാണ്. അങ്ങനെയെങ്കിൽ തലമുറ കളെച്ചൊല്ലി ആവലാതി പിടിക്കേണ്ട യാതൊരു കാര്യവുമില്ല. ദൈവത്തിൽ ആശ്രയിച്ച് ജീവിക്കുന്ന ഒരു കുടുംബം ഒരിക്കലും തകർന്നു പോകുവാൻ ദൈവം ഇടയാക്കുകയില്ല.

സങ്കീർത്തനങ്ങൾ 118:8 പറയുന്നു. ''മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവ യിൽ ആശ്രയിക്കുന്നത് നല്ലത്''. ഈ ലോകത്തിന്റെ മക്കൾ തങ്ങളുടെ സഹായങ്ങൾക്കായി പിടിപാടും അധികാരവും സമൂഹത്തിൽ ഉന്നത സ്ഥാനവുമുള്ളവരെ ആശ്രയിക്കുന്നു. എന്നാൽ ദൈവമക്കളാകുന്ന നമുക്കുള്ള ഉറപ്പും പ്രത്യാശയും എന്താണ്? സർവ്വലോക ത്തെയും ചമച്ചവൻ തന്നെ നമ്മുടെ ആശ്രയം. സ്വന്തപ്രാണൻ തന്ന് നമ്മെ വീണ്ടെടുത്ത നമ്മുടെ കർത്താവായ യേശുക്രിസ്തു. ഈ ലോകജീവിതത്തിൽ ആയിരിക്കുമ്പോൾ നമുക്കും പലരുടെയും സഹായം ആവശ്യമായി വരും, അത് തീർച്ചയാണ്. മറ്റൊരു വ്യക്തി യോട് സഹായാഭ്യർത്ഥനയുമായി പോകുന്നതിനു മുമ്പ് ഒരു നിമിഷം നമ്മെ ദൈവ സന്നിധിയിൽ പൂർണ്ണമായി ഏല്പിച്ചു കൊടുക്കുക.

ഇന്നു പലരും പല ആശ്രയങ്ങളിൽ ഒന്നു മാത്രമായി ദൈവത്തെ കാണുന്നു. എന്നാൽ നമ്മുടെ ജീവിതത്തിന്റെ പരമ പ്രധാനമായ സ്ഥാനം നാം ദൈവത്തിന് കൊടുക്കണം. ഇന്ന് നാം അനുഭവിക്കുന്ന പ്രതികൂലങ്ങൾ, ബുദ്ധിമുട്ടുകൾ എല്ലാം ഒരുപക്ഷേ മറ്റാരും കാണുന്നു ണ്ടാവില്ല. എന്നാൽ നമ്മുടെ കണ്ണുനീരിനെ തുരുത്തിയിൽ ആക്കിവെയ്ക്കുന്നവനാണ് നമ്മുടെ ദൈവം. നമ്മെ ഉള്ളതുപോലെ അറിയുന്ന ആ സർവ്വശക്തനിൽ മാത്രം നമുക്ക് പൂർണ്ണമായി ആശ്രയിക്കാം. ദാവീദിന്റെ ഈ സങ്കീർത്തനഭാഗം തുടർന്നു വായിക്കുമ്പോൾ നമുക്കു കാണാവുന്ന ഒരു വസ്തുത, അവനു കിട്ടിയ ഉറപ്പാണ്. 'ദൈവം തനിക്ക് അനുകൂല മെന്ന് ഉറപ്പ്. ഇവിടെ ദാവീദ് പറയുകയാണ്: ഞാൻ ദൈവത്തിൽ ആശ്രയിക്കുന്നു, ഞാൻ ഭയപ്പെടുകയില്ല. മനുഷ്യന് എന്നോട് എന്തു ചെയ്യുവാൻ കഴിയും. ദൈവത്തിൽ പൂർണ്ണ മായി ആശ്രയിച്ചതുകൊണ്ടാണ് ദാവീദിന് ആ ഉറപ്പ് കിട്ടിയത്.

അങ്ങനെയെങ്കിൽ, ആകാശത്തെയും ഭൂമിയെയും സൃഷ്ടിച്ച ദൈവത്തിൽ നമുക്കും പൂർണ്ണമായി ആശ്രയിക്കുവാൻ സാധിക്കട്ടെ. ''യഹോവയിൽ ആശ്രയിക്കുന്നവർ കുലു ങ്ങാതെ എന്നേക്കും നില്ക്കുന്ന സീയോൻ പർവ്വതം പോലെയാകുന്നു''എന്ന് സങ്കീർത്തന ക്കാരൻ പാടിയതുപോലെ നമുക്കും ചേർന്നു പാടുവാൻ സാധിക്കട്ടെ. അതിനായി ദൈവം നമ്മെ എല്ലാവരെയും സഹായിക്കട്ടെ.

പരാമർശം :

റോമർ 8:15

'നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിന് ദാസ്യത്തിന്റെ ആത്മാവിനെ അല്ല; നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിൽ ആത്മാവിനെ അത്രെ പ്രാപിച്ചത്'

സിസ്റ്റർ അശ്വതി ബിനു ഏറ്റുമാനൂർ 009